# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 11

# വാർത്താക്കുറിപ്പ്

## എം.ജി.യു.ജി. ഏകജാലകം രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ്; ഓപ്ഷനുകൾ ഇന്ന് (ജൂലൈ 12) വൈകീട്ട് അഞ്ചുവരെ പുനക്രമീകരിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി ബിരുദ പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട് മെന്റിന് പരിഗണിക്കപ്പെടുന്നതിനായി ഓപ്ഷനുകൾ ഇന്ന് (ജൂലൈ 12) വൈകീട്ട് അഞ്ചുവരെ പുനക്രമീകരിക്കാം. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ് വേഡും ഉപയോ ഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ മാറ്റം വരുത്താം . പുതുതായി കോളേജുകളോ , പ്രോഗ്രാമുകളോ കൂട്ടിച്ചേർക്കുവാൻ സാധിക്കുകയില്ല.

ഒന്നാംസപ്ലിമെന്ററി അലോട്ട്മെന്റിലൂടെ പ്രവേശനം ലഭിച്ചവർ നിലവിൽ ലഭിച്ച അലോട്ട് മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യണം. അലോട്മെന്റ് ലഭിച്ച വിദ്യാർഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം പ്രോഗ്രാമിലേക്ക് /കോളേജിലേക്ക് രണ്ടാം അലോട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതുതായി അലോട്ട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിൽ നിർബന്ധമായും പ്രവേശനം നേടണം. ആദ്യ അലോട്മെന്റ് റദ്ദാക്കപ്പെടും.

(പി.ആർ.ഒ./39/1314/2019)

## എം.കോം പ്രൈവറ്റ് പരീക്ഷ കേന്ദ്രം

മൂന്നും നാലും സെമസ്റ്റർ എം .കോം പ്രൈവറ്റ് പരീക്ഷയ്ക്ക് ചങ്ങനാശ്ശേരി നെടുങ്കുന്നം ആർ . ശങ്കർ സ്മാരക ശ്രീനാരായണ കോളേജ് പരീക്ഷാകേന്ദ്രമായവർക്ക് (രജി. നമ്പർ. 170080016631 മുതൽ 170080016720 വരെ) മൂന്നാം സെമസ്റ്റർ പരീക്ഷകൾ ഇതേ കോളേജിലും ജൂലൈ 24ന് തുടങ്ങുന്ന നാലാം സെമസ്റ്റർ പരീക്ഷകൾ ചങ്ങനാശ്ശേരി പായിപ്പാട് അമൻ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലും നടക്കും. പരീക്ഷ സമയത്തിൽ മാറ്റമില്ല.

(പി.ആർ.ഒ./39/1315/2019)

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്ന് മുതൽ അഞ്ചുവരെ സെമസ്റ്റർ എം .സി.എ. സ്പെഷൽ മേഴ്സി ചാൻസ് (2007-2010 അഡ്മിഷൻ) പരീക്ഷകൾ ഓഗസ്റ്റ് എട്ടുമുതൽ ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1316/2019)

നാലാം സെമസ്റ്റർ എം.കോം ടാക്സേഷൻ (2017 അഡ്മിഷൻ റഗുലർ - സി.എസ്.എസ്.) ഇലക്ടീവ് പേപ്പറായ 'ഇൻഡയറക്റ്റ് ടാക് സ് ലോ 'യുടെ പരീക്ഷ ജൂലൈ 25ന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/1317/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്‌സി. മൈക്രോബയോളജി (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി /2012-2013 അഡ്മിഷൻ മേഴ്സി ചാൻസ് - സി.എസ്.എസ്.) മെയ് 2019

പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് മൂല്യനിർണയം, വൈവാവോസി എന്നിവ ജൂലൈ 17 മുതൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1318/2019)

നാലാം സെമസ്റ്റർ എം.എസ്സി. ഫൈറ്റോ മെഡിക്കൽ സയൻസ് (2017 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി , 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് ) മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 16നും പ്രോ ജക്ട് അവതരണവും വൈവാവോസിയും ജൂലൈ 17നും തിരുവല്ല മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1319/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം .കോം (സി.എസ്.എസ്.-2017 അഡ്മിഷൻ റഗുലർ /2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) മെയ് 2019 പരീക്ഷയുടെ വൈവാവോസി ജൂലൈ 16 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1320/2019)

## എം.പി.ഇ.എസ്. പ്രവേശനപരീക്ഷ ജൂലൈ 17ന്

എം.പി.ഇ.എസ്. റഗുലർ പി .ജി. പ്രോഗ്രാമിലേക്കുള്ള (2019-20) പ്രവേശന പരീക്ഷ ജൂലൈ 17ന് രാവിലെ 8.30ന് മഹാത്മാ ഗാന്ധി സർവകലാശാല സ് കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2732368, 9447006946.

(പി.ആർ.ഒ./39/1321/2019)

## സർട്ടിഫിക്കറ്റ്/ഡിപ്ലോമ/പി.ജി. ഡിപ്ലോമ; ജൂലൈ 21 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസിലെ (ഡി.എ.എസ്.പി.) സർട്ടിഫിക്കറ്റ്/ഡിപ്ലോമ/പി.ജി. ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് ജൂലൈ 21 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ dasp.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731066.

(പി.ആർ.ഒ./39/1322/2019)

## അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു

നാലാം സെമസ്റ്റർ എം .എസ്സി. ആക്ച്വറിയൽ സയൻസ് മെയ് 2017 പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. കോതമംഗലം എം.എ. കോളേജിലെ ടീസ മേരി പോൾ, ജോസ്മി ജോസഫ്, സോന പോൾ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി

(പി.ആർ.ഒ./39/1323/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എ. പ്രിന്റ് ആന്റ് ഇലക് ട്രോണിക് ജേർണലിസം (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1324/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എസ്സി. ഫുഡ് ടെക് നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1325/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എസ്സി. ഇൻഫർമേഷൻ ടെക് നോളജി റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1326/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എസ്‌സി. ഫിസിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1327/2019)

2018 നവംബർ, 2019 ജൂൺ മാസങ്ങളിൽ സ്‌കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം .ഫിൽ എൻവയോൺമെന്റ് മാനേജ്മെന്റ് (എൻവയോൺമെന്റൽ ആന്റ് അറ്റ്മോസ്ഫെറിക് സയൻസസ് - സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1328/2019)

2019 ഫെബ്രുവരി, 2019 ജൂൺ മാസങ്ങളിൽ സ്‌കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം .എസ്‌സി. എൻവയോൺമെന്റൽ സയൻസ് ആന്റ് മാനേജ്മെന്റ്, എൻവയോൺമെന്റൽ സയൻസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (എൻവയോൺമെന്റൽ ആന്റ് അറ്റ്മോസ്ഫെറിക് സയൻസസ് - സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1329/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എസ്‌സി. അപ്ലൈഡ് കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1330/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ